# <u>ജപ്പാനിലേക്കുള്ള പ്രധാനമന്ത്രിയുടെ പ്രത്യേക ദൂതന് ഡോ. അശ്വനി കുമാറിന്റെ ടോക്കിയോ സന്ദര്ശനം</u>

സെപ്തംബര് 19, 2013

സിവില് ന്യൂക്ലിയാര് സഹകരണ കരാര് എത്രയും പെട്ടെന്നു
പരിസമാപ്തിയില് എത്തിക്കുന്നതിന് വേണ്ടി ഇപ്പോള് നടന്നു കൊണ്ടിരിക്കുന്ന
കൂടിയാലോചനകള് മുന്നോട്ട് കൊണ്ടുപോകാമെന്ന് ഇന്ത്യയും ജപ്പാനും പ്രതിജ്ഞ ചെയ്തു.
ടോക്കിയോവില് ഇന്ന് ജപ്പാനിലേക്കുള്ള പ്രധാനമന്ത്രിയുടെ പ്രത്യേക ദൂതന് ഡോ. അശ്വനി കുമാറും ജപ്പാന് വിദേശ കാര്യ മന്ത്രി ഫുമിയോ കിഷിദയും നടന്ന യോഗത്തില് ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ പിന്തുണയോടെ നിര്ദിഷ്ട
കരാര് പരിസമാപ്തിയില് എത്തിക്കുവാന് സാധിക്കുമെന്ന വിശ്വാസം ജപ്പാന് വിദേശകാര്യ മന്ത്രി പ്രകടിപ്പിച്ചു.

ജപ്പാന് ചക്രവര്ത്തിയുടെയും ചക്രവര്ത്തിനിയുടെയും സന്ദര്ശനം , വാര്ഷിക ഉച്ചകോടിക്ക് വേണ്ടി പ്രധാനമന്ത്രി ആബേയുടെ സന്ദര്ശനം എന്നിവയ്ക്കായി ഇരു രാജ്യങ്ങളും ഒരുക്കങ്ങള് നടത്തി വരുന്നതിനിടയില് വിദേശകാര്യ വകുപ്പ് മന്ത്രി കിഷിദയുമായി നടത്തിയ ചര്ച്ചകള്, ഇന്ത്യാ-ജപ്പാന് തന്ത്രപ്രധാന പങ്കാളിത്തത്തിലും ആഗോള പങ്കാളിത്തത്തിലും ഒരു ഉന്നത തല അവലോകനം നടത്തുവാന് അവസരമൊരുക്കി . ഇന്ത്യയും ജപ്പാനും തമ്മിലുള്ള ബഹുമുഖ അതി വിശിഷ്ടമായ ബന്ധങ്ങള് കൂടുതല് ആഴമുള്ളതാക്കുവാന് വേണ്ട പിന്തുണ ഇരു നേതാക്കളും പ്രകടിപ്പിച്ചു. ഏഷ്യയുടെ തുടര്ച്ചയായ വളര്ച്ചയ്ക്ക് ഇന്ത്യയും ജപ്പാനും തമ്മിൽ വളരെ അടുപ്പമുള്ള സാമ്പത്തിക സഹകരണം ആവശ്യമാണ് എന്നു ഇരു വിഭാഗങ്ങളും സമ്മതിച്ചു. ഈ

വിഷയവുമായി ബന്ധപ്പെട്ടു ഈ അടുത്ത കാലത്ത്
നടപ്പാക്കിയ ഉഭയകക്ഷി വിദേശനാണ്യ വിനിമയം
അന്പത് ബില്യണ് ഡോളറാക്കി ഉയര്ത്തിയ നടപടി
ഡെല്ഹി -മുംബൈ ചരക്ക് ഇടനാഴി, ഡെല്ഹി - മുംബൈ
വ്യവസായ ഇടനാഴി പദ്ധതികളുടെ മുന്നേറുന്ന
പുരോഗതി, ഇന്ത്യയില് അതിവേഗ റെയില്വേ
സംവിധാനം ആരംഭിക്കുക എന്നീ
കാര്യങ്ങള് അവര് സ്വാഗതം ചെയ്തു. സമുദ്രാസുരക്ഷ ,
തീവ്രവാദ പ്രതിരോധം , ആന്റി പൈറസി എന്നിവ
ഉള്പ്പെടെ ഉഭയകക്ഷി പ്രതിരോധം സുരക്ഷാ സഹകരണം
എന്നിവയിലെ പുരോഗതിയും ഡോ.
കുമാര് പരാമര്ശിച്ചു.

ഇന്നലെ പ്രധാനമന്ത്രിയെ ആബേയുമായി നടത്തിയ
കൂടിക്കാഴ്ചയെ തുടര്ന്നു ടോക്കിയോവിലെ തന്റെ
ഉന്നതതല ഇടപാടുകള് തുടരുന്നതിന്റെ ഭാഗമായി ഡോ
കുമാര്, ഡയറ്റിന്റെ വിദേശകാര്യ കമ്മിറ്റിയെ
ചെയര്മാന് കറ്റ്സ്യുക്കി കവായിയുടെ
നേതൃത്വത്തില് വന്ന ജപ്പാന് പാര്ലമെന്റ്
അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. . രണ്ടായിരത്തി
പതിമൂന്നു ഓഗസ്റ്റില് ഇന്ത്യ സന്ദര്ശിച്ച പാര്ലമെന്റ്
അംഗങ്ങളെ ഡോ. അശ്വനികുമാര് ആണ് അന്ന്
സ്വീകരിച്ചത്. ഡെല്ഹി, മുംബൈ ബാംഗളൂര് എന്നീ
സ്ഥലങ്ങള്അവര് സന്ദര്ശിക്കുന്നതിന്റെ ഭാഗമായി
നൃത്തിയ ഒരുക്കങ്ങളെ അവര് അഭിനന്ദിച്ചു ഒപ്പം അത്
പഠനത്തിനുള്ള വലിയ ഒരു അവസരം ആയിരുന്നു എന്നും
പറഞ്ഞു. അടിസ്ഥാനസൌകര്യ മേഖലയിലെ
പദ്ധതികള് ആയ ഡിഎംഐസി , ഡിഎഫ്സി
പദ്ധതികളുടെ ഗുണം സ്വീകരിച്ചുകൊണ്ടു
ഇന്ത്യന് വിപണിയിലേക്ക്
കൂടുതല് ജപ്പാന് കമ്പനികള് കടന്നു വരുന്നതിലെ
പ്രാധാന്യത്തെ കുറിച്ച് പറയുന്നതില് ഡോ.
കുമാര് ഊന്നല് നല്കി . ഈ വിഷയവുമായി ബന്ധപ്പെട്ടു
ഇരു രാജ്യങ്ങളിലും പ്രവര്ത്തിക്കുന്ന ജപ്പാനും ഇന്ത്യക്കും
വളരെ അധികം ഗുണം ഉണ്ടാകുന്ന സാമൂഹ്യ സുരക്ഷ
കരാര് ത്വരിതപ്പെടുത്തുന്നതിന്റെ ആവശ്യകത ഇരു

വിഭാഗങ്ങളും സമ്മതിച്ചു.
.
ഡോ. അശ്വനി കുമാര് തന്റെ മൂന്നു ദിവസം നീണ്ടു നിന്ന ടോക്കിയോ സന്ദര്ശനം ഇന്ന് അവസാനിപ്പിച്ചു.
ജപ്പാന് രാജകുടുംബാംഗങ്ങളുടെയും പ്രധാനമന്ത്രി ആബേയുടെയും സന്ദര്ശനങ്ങള്ക്ക് വേണ്ട സൌകര്യങ്ങള് ഒരുക്കുക , ജപ്പാനുമായി നടത്തുന്ന ഉന്നത സന്ദര്ശനങ്ങളുടെ വേഗത കൂട്ടുക എന്നിവ തന്റെ പ്രവര്ത്തനങ്ങളിലൂടെ കാര്യക്ഷമമാക്കുന്നതിനാണു പ്രധാനമന്ത്രിയുടെ പ്രത്യേക ദൂതനായി ഡോ. കുമാര് ടോക്കിയോ സന്ദര്ശിച്ചത്.